"ഭരണഭാഷ – മാതൃഭാഷ"

നം:ജെ6/41002/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം, തീയതി :20.12.2018

## ക്വട്ടേഷൻ നോട്ടീസ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന തടി, സ്റ്റീൽ കസേരകളിൽ പ്ലാസ്റ്റിക് വരിയുന്നതിന് മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. തടി, സ്റ്റീൽ കസേരകളുടെ സീറ്റ്, ചാര് എന്നിവ പ്ലാസ്റ്റിക് വരിയുന്നതിന് തുക പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്. ക്വട്ടേഷൻ നൽകുന്ന കവറിന് മുകളിൽ "കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിലെ കസേരകളിൽ പ്ലാസ്റ്റിക് വരിയുന്നതിന്" എന്നെഴുതി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, വികാസ്ഭവൻ, തിരുവനന്തപുരം – 695033 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതി 01.01.2019 വൈകുന്നേരം 3 മണി ആയിരിക്കും. അതിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വട്ടേഷനിൽ പങ്കെടുക്കുന്നവരുടെയോ, അവരുടെ പ്രതിനിധികളുടെയോ, സാന്നിദ്ധ്യത്തിൽ 01.01.2019 വൈകുന്നേരം 3.30-ന് ക്വട്ടേഷനുകൾ തുറക്കുന്നതായിരിക്കും. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിയ്ക്കുന്നതിനുള്ള അധികാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ കോളേജ് വിദ്യാഭ്യാസ ആസ്ഥാന കാര്യാലയവുമായി ബന്ധപ്പെടാവുന്നതാണ്.

ഡോ.ഡി.കെ.സതീഷ്,
കോളേജ് വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ.(I/C)
04712303107
adce.colledn@kerala.gov.in

പകർപ്പ്:-

1. നോട്ടീസ് ബോർഡ് (ഓഫീസ്)
2. കോളേജ് വിദ്യാഭ്യാസ വകുപ്പ് ഔദ്യോഗിക വെബ്സൈറ്റിൽ ഇടുന്നതിനുവേണ്ടി
3. നടപ്പു ഫയൽ / കരുതൽ ഫയൽ